**അനുസ്മരണം**

## ക്വിറ്റ് ഇന്ത്യ ദിനം

മി. സ്പീക്കർ: ഇന്ന് ആഗസ്റ്റ് 9. 'ക്വിറ്റ് ഇന്ത്യ' സമരത്തിന്റെ ഓർമ്മകൾ പുതുക്കുന്ന ദിനമാണ്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങൾ രൂപപ്പെട്ടതും വളർന്നുവന്നതും വൈവിദ്ധ്യമാർന്ന ധാരകളിലൂടെയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ബോംബെയിലെ സോഷ്യലിസ്റ്റ് പ്രവർത്തകനും യുവ നേതാവുമായിരുന്ന യൂസഫ് മെഹറലി രൂപപ്പെടുത്തിയ 'ക്വിറ്റ് ഇന്ത്യ' എന്ന മുദ്രാവാക്യം മഹാത്മാഗാന്ധി രാഷ്ട്രത്തിന് സമർപ്പിക്കുകയാണ് ഉണ്ടായത്. 1942-ൽ മുംബൈയിലെ ഗോവാലിയ ടാങ്ക് മൈതാനത്തിൽ സ്വാതന്ത്ര്യ സമര സേനാനികളെ അഭിസംബോധന ചെയ്ത ഗാന്ധിജി "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മഹത്തായ സന്ദേശം രാജ്യത്തിന് നൽകുകയുണ്ടായി. 'ആഗസ്റ്റ് വിപ്ലവം' എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന ഈ മഹത്തായ പോരാട്ടം നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങളിൽ ഏറ്റവും തീക്ഷണയാർന്ന ഒന്നായിരുന്നു.

538 വെടിവയ്പുകളാണ് ഇതിന്റെ അനുബന്ധമായിട്ട് നടന്നത്. ഒരു ലക്ഷം പേർ അറസ്റ്റ് ചെയ്യപ്പെട്ടു. രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും തീവ്രമായ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ അനുഭവങ്ങളിൽ ഒന്നായിരുന്നു 'ക്വിറ്റ് ഇന്ത്യ' പ്രക്ഷോഭം.

"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യമാണ് ആ സമരം മുന്നോട്ടു വച്ചത് എന്ന് നമുക്കെല്ലാവർക്കുമറിയാം. അന്നുതന്നെ രാജ്യത്തെ വിഭജിച്ചു ഭരിക്കുക എന്ന തന്ത്രം ബ്രിട്ടീഷ് സാമ്രാജ്യത്വം സ്വീകരിച്ചിരുന്നു. ഭാരതീയരുടെ ഇടയിൽ അനൈക്യം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ നീക്കങ്ങൾ അന്ന് സംഭവിച്ചിരുന്നു. തൽഫലമായി സ്വാതന്ത്ര്യം നമുക്ക് ലഭിച്ച കൂട്ടത്തിൽ മരണവും നമ്മെ തേടി വരികയുണ്ടായി. ലോകചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യ കുരുതിക്ക് ഇന്ത്യാ വിഭജനം കാരണമായി എന്നത് ചരിത്രം അടയാളപ്പെടുത്തിയ വസ്തുതയാണ്. 'ക്വിറ്റ് ഇന്ത്യ' സമരം ഇന്ത്യയിൽനിന്ന് ബ്രിട്ടീഷ് സാമ്രാജ്യത്തെ ആട്ടിയോടിക്കുന്നതിനുവേണ്ടി നടത്തിയ ഏറ്റവും തീവ്രമായ സ്വാതന്ത്ര്യ സമരത്തിന്റെ അനുഭവമായിരുന്നു. ആ അനുഭവത്തിൽ പങ്കാളികളായവരെയും രക്ഷസാക്ഷികളായവരേയും ഈ സഭ ആവേശപൂർവ്വം സ്മരിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(അടിയന്തരപ്രമേയം)